**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2426** **07.10.2016 ൽ മറുപടിയ്ക്ക്**

**"കൃഷിയിടങ്ങളിൽ നിരോധിക്കപ്പെട്ട കീടനാശിനികൾ"**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | ശ്രീ. വി.എസ്.സുനിൽ കുമാർ<br>(ബഹു.കൃഷി വകുപ്പ് മന്ത്രി) |
| (എ) കൃഷിയിടങ്ങളിൽ നിരോധിക്കപ്പെട്ട കീടനാശിനികൾ പ്രയോഗിക്കുന്നത് സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) ഇത്തരം കേസുകളിൽ ഉത്തരവാദികൾ ക്കെതിരെ എന്തുതരം നടപടിയാണ് സ്വീകരിക്കുന്നത്;<br><br>(സി) നിരോധിക്കപ്പെട്ട കീടനാശിനികൾ വിറ്റഴിക്കുന്നവർക്കെതിരെ പലപ്പോഴും ശക്തമായ നടപടി സ്വീകരിക്കാത്തത് ഇത്തരം സംഭവങ്ങൾ ആവർത്തി ക്കുന്നതിന് ഇടയാക്കുന്നുണ്ടെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ; | (ബി) യും (സി) യും<br>അംഗീകാരമില്ലാത്ത കീടനാശിനികളുടെ ഉത്പാദനവും വിതരണവും വില്പനയും കേന്ദ്ര സർക്കാരിന്റെ ഇൻസെക്ടിസൈഡ് ആക്ട് പ്രകാരം കുറ്റകരമാണ്. സംസ്ഥാനത്ത് ഇത്തരം കീടനാശിനികളുടെ വിതരണവും വില്പനയും നടക്കുന്നില്ലായെന്നുറപ്പ് വരുത്തുന്നതിനും ലംഘിക്കു ന്നവർക്കെതിരെ നിയമകർശന നടപടികൾ കൈക്കൊള്ളുന്നതിലേക്കും രണ്ടാഴ്ചയിലൊരിക്കൽ എല്ലാ കീടനാശിനി വിതരണ വിൽപന കേന്ദ്രങ്ങളും നിർബന്ധമായി പരിശോധിക്കുവാൻ കൃഷി ഓഫീസർമാർക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>അയൽ സംസ്ഥാനങ്ങളിൽ നിന്നുമുള്ള കീടനാശിനികളുടെ വരവ് നിയന്ത്രിക്കുന്നതിനായി ജില്ലാതല വിജിലൻസ് കമ്മിറ്റികൾക്കും സംസ്ഥാന തല വിജിലൻസ് സ്ക്വാഡിനും രൂപം നൽകിയിട്ടുണ്ട്. കീടനാശിനി ഉത്പാദകരും വിതരണക്കാരും കർഷകർക്ക് നേരിട്ട് കീടനാശിനി വിൽപന നടത്തുന്നത് നിരോധിച്ചിട്ടുണ്ട്.<br><br>മാരക കീടനാശിനികളുടെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കുന്നതിന് പൊതു അവബോധം സൃഷ്ടിക്കുന്നതിലേക്ക് കൃഷി വകുപ്പ് ഒരു കാമ്പയിൻ സംഘടിപ്പിച്ചു വരികയാണ്. ഇതു സംബന്ധിച്ച് കൃഷി വകുപ്പ് നൽകിയിട്ടുള്ള സർക്കുലറിന്റെ കോപ്പി അനുബന്ധമായി ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**

റ്റി ക്യൂ (1) 24437/16

കാർഷിക വികസന കർഷക ക്ഷേമ
വകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി - 16/06/16

## സർക്കുലർ

വിഷയം - രാസവളങ്ങളുടെയും കീട/കള/ കമിൾ നാശിനികളുടെയും വിതരണ സംവിധാനവും ഗുണനിലവാരനിയന്ത്രണവും ശക്തിപ്പെടുത്തുന്നതു - സംബന്ധിച്ച്.

സൂചന - 15/06/2016 ലെ കൃഷിമന്ത്രിയുടെ അവലോകന യോഗത്തിലെ തീരുമാനം.

ബഹുമാനപ്പെട്ട കൃഷിവകുപ്പ മന്ത്രി, 15/06/2016 ന് വിളിച്ചു ചേർത്ത് പ്രത്യേക അവലോകന യോഗത്തിൽ, സംസ്ഥാനത്ത് രാസവളങ്ങളുടേയും രാസ കീട/കള കമിൾനാശിനികളുടെയും വിതരണ സംവിധാനവും ഗുണനിലവാരനിയന്ത്രണവും ശക്തിപ്പെടുത്തുവാൻവേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനം കൈക്കൊള്ളുകയുണ്ടായി.

രാസവളങ്ങളുടെയും, ജൈവ- ജീവാണു വളങ്ങളുടെയും അനധികൃതമോ, ക്രമവിരുദ്ധമോ ആയ വിതരണവും വില്പനയും തടയുവാൻ ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ 1985 പ്രകാരം ഫെർട്ടിലൈസർ ഇൻസ്പെക്ടർ എന്ന നിലയിൽ, കൃഷി ഓഫീസർമാർ ശക്തമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

സംസ്ഥാനത്ത് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും കൃഷിയിടങ്ങളിൽ കീടനാശിനികളുടെ അനിയന്ത്രിതവും വിവേചനരഹിതവുമായ ഉപയോഗം തടയുന്നതിനും കൃഷി ഓഫീസർമാർ ശക്തമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്. ജൈവകൃഷി ഗണ്യമായി വർദ്ധിച്ചിട്ടും കീടനാശിനികളുടെ ഉപയോഗം വർദ്ധിക്കുന്നത് ആശങ്ക ഉളവാക്കുന്നതാണ്. ഇതിനായ് നിലവിലെ പ്ലാൻറ് ഹെൽത്ത്/അഗ്രോ ക്ലിനിക്കുകളും പെസ്റ്റ് സർവ്വയിലൻസ് സംവിധാനവും ശക്തിപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

കീടനാശിനികളുടെ അമിതമായ ഉപയോഗം കടുത്ത ആരോഗ്യപ്രശ്നങ്ങൾക്കും പാരിസ്ഥിതിക പ്രശ്നങ്ങൾക്കും ഇടയാകുന്നുവെന്ന ആശങ്ക നിലനിൽക്കേ, കർഷകർ വിവേചനപൂർവ്വമായ് മാത്രമേ കീടനാശിനികൾ ഉപയോഗിക്കുന്നുള്ളുവെന്ന് കൃഷി ഓഫീസർമാർ ഉറപ്പാക്കേണ്ടതാണ്. കീട/കള/കമിൾനാശിനി നിർമ്മാതാക്കളും വിതരണക്കാരും തങ്ങളുടെ വിപണന തന്ത്രങ്ങളിലൂടെ കർഷകരെ അമിതമായി സ്വാധീനിക്കുന്നതും കീടനാശിനി ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതും നിരുത്സാഹപ്പെടുത്തേണ്ടതാണ്. കീടനാശിനി നിർമ്മാതാക്കളും വിതരണക്കാരും ചേർന്നുള്ള വിളപരീക്ഷണങ്ങളും ഡെമോൺസ്ട്രേഷനുകളും പൂർണ്ണമായി നിരോധിക്കേണ്ടതാണ്. കീടനാശിനി നിർമ്മാതാക്കളോ വിതരണക്കാരോ, നേരിട്ട് പാടശേഖരസമിതികൾക്കും കർഷക സംഘങ്ങൾക്കും കീടനാശിനികൾ വിതരണം ചെയ്യുന്നത് നിരോധിക്കേണ്ടതും, ഇതിനെതിരെ കർശന നടപടി സ്വീകരിക്കേണ്ടതുമാണ്.

നിയന്ത്രിത കീടനാശിനികളുടെ വിതരണവും ഉപയോഗവും ആവശ്യഘട്ടങ്ങളിൽ മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്. ഇതു സംബന്ധിച്ച് നിലവിലുള്ള നിർദ്ദേശങ്ങൾ കർശനമായി പാലിക്കുവാൻ എല്ലാ കൃഷി ഓഫീസർമാരും ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

സംസ്ഥാനത്ത് നിരോധിക്കപ്പെട്ടിട്ടുള്ള കീടനാശിനികളുടെ വിതരണവും വില്പനയും തടയുവാൻ ജില്ലാതലത്തിൽ രൂപം കൊടുത്തിട്ടുള്ള വിജിലൻസ് കമ്മിറ്റികളുടെ പ്രവർത്തനം ശക്തിപ്പെടുത്തേണ്ടതാണ്.

രണ്ടാഴ്ചയിലൊരിക്കൽ ഇൻസെക്ടിസൈഡ് ഇൻസ്പെക്ടർമാർ തങ്ങളുടെ പരിധിയിലുള്ള എല്ലാ ഡിപ്പോകളും സന്ദർശിച്ച് ക്രമവിരുദ്ധമോ, നിരോധിച്ചിട്ടുള്ളതോ ആയ കീട/കള/കുമിൾ നാശിനികളുടെ വില്പനയും, ഉപയോഗവും നടക്കുന്നില്ലെന്ന് ഉറപ്പു വരുത്തേണ്ടതാണ്. കീടനാശിനികളുടെ വരവും, വില്പനയും സംബന്ധിച്ച രജിസ്റ്ററുകൾ കൃത്യമായി പരിശോധിക്കുകയും അതു സംബന്ധിച്ച ദ്വൈവാരിക റിപ്പോർട്ട് എല്ലാ ഇൻസെക്ടിസൈഡ് ഇൻസ്പെക്ടർമാരും പ്രിൻസിപ്പൽ കൃഷി ഓഫീസർക്കും നല്കേണ്ടതാണ്. രാസകീടനാശിനി ഷോപ്പുകളിൽ സ്റ്റോക്ക്, വില തുടങ്ങിയ വിവരങ്ങൾ പരസ്യമായി പ്രദർശിപ്പിക്കേണ്ടതാണ്.

രാസവളങ്ങളുടെയും കീട/കള/കുമിൾ നാശിനികളുടെയും വിതരണസംവിധാനവും ഗുണനിലവാരനിയന്ത്രണവും ശക്തിപ്പെടുത്തുവാൻ, ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ 1985, ഇൻസെക്ടിസൈഡ് ആക്ട് 1968 എന്നീ ചട്ടങ്ങൾ പ്രകാരം ഫെർട്ടിലൈസർ ഇൻസ്പെക്ടർ/ ഇൻസെക്ടിസൈഡ് ഇൻസ്പെക്ടർ എന്ന നിലയിൽ കൃഷി ഓഫീസർമാർക്കുള്ള അധികാരങ്ങൾ പൂർണ്ണമായി വിനിയോഗിക്കേണ്ടതാണ്. ഇതിനായി ജില്ലകളിലെ കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഇ&റ്റി)മാർ പ്രത്യേക ശ്രദ്ധ നല്കേണ്ടതാണ്.

കൃഷി വകുപ്പിലെ കൃഷിഭവൻ മുതൽ മുകളിലേയ്ക്കുള്ള എല്ലാ കൃഷി ഉദ്യോഗസ്ഥർക്കും ഈ മാർഗ്ഗനിർദ്ദേശങ്ങൾ അടിയന്തരമായി നടപ്പാക്കുന്നതിൽ ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതാണ്.

(ഒപ്പ്)
**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ**

എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും
എല്ലാ കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഇ&റ്റി)മാർക്കും

*SOBHA S., M.Sc (Ag).*
*Joint Director of Agriculture (PP)*
*Directorate of Agriculture*
*Vikas Bhavan, Thiruvananthapuram-33*

15 call
27/9/16

സെക്ഷൻ ഓഫീസർ

പേജ് - 1

അനുബന്ധം - 1

| പദ്ധതിയുടെ പേര് | 2010-11 | | 2011-12 | | 2012-13 | | 2013-14 | | 2014-15 | | 2015-16 | | 2016-17 | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം |
| ആർ.കെ.വി.വൈ. | 149.65 | - | 182.89 | - | 253.03 | - | 256.24 | - | 300.7 | - | 90.48 | 60.31 | - | - |
| എൻ.എഫ്.എസ്.എം. (പാലക്കാട് ജില്ലയിൽ മാത്രമായി നടപ്പിലാക്കുന്ന പദ്ധതി) | 209.88 | - | 228.28 | - | 136.73 | - | 88.83 | - | 312.28 | - | 76.55 | 50.3 | - | - |
| ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി | 5840.69* | 1030.71 | 5345 | 943.24 | 3500 | 617.65 | 3000 | 529.41 | 4000 | 706 | 2500** | 1666.67 | 1000** | 666.67** |

* ഇതിൽ 2005-06 മുതൽ 2010 മാർച്ച് 31 വരെ ലഭിച്ചിട്ടുള്ള തുകയുടെ പലിശയായ 1440.69 ലക്ഷം രൂപയും ഉൾപ്പെടുന്നു.

** 2015-16 ൽ ആദ്യ ഗഡുവായി കേന്ദ്രം അനുവദിച്ച 1500.00 ലക്ഷം രൂപ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന് നൽകിക്കഴിഞ്ഞു. രണ്ടാം ഗഡുവായി കേന്ദ്രം അനുവദിച്ച 1000.00 ലക്ഷം രൂപയും ആനുപാതികമായി നൽകേണ്ട സംസ്ഥാന വിഹിതമായ 667.00 ലക്ഷം രൂപയിൽ 521.06 ലക്ഷം രൂപയും 31.10.2016 ന് മുൻപായി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. ആദ്യ ഗഡുവിന് ആനുപാതികമായ 446.48 ലക്ഷം രൂപയും രണ്ടാം ഗഡുവിന് ആനുപാതികമായി നൽകേണ്ട സംസ്ഥാന വിഹിതത്തിന്റെ ബാക്കി തുകയായ 145.94 ലക്ഷം രൂപയും (667.00 – 521.06) എസ്.എച്ച്.എം.ന് നൽകുന്നതിനുള്ള പ്രൊപ്പോസലിന്മേൽ നടപടി സ്വീകരിച്ചു വരുന്നു.

** 2016-17 ലെ കേന്ദ്ര വിഹിതമായ 1000 ലക്ഷം രൂപയുടേയും സംസ്ഥാന വിഹിതമായ 666.67 ലക്ഷം രൂപയുടേയും പ്രൊപ്പോസലിന്മേൽ നടപടി സ്വീകരിച്ചു വരുന്നു.

2014-15 ൽ തുടക്കം കുറിച്ച പദ്ധതി

| പദ്ധതിയുടെ പേര് | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | നിർവ്വഹണ ഏജൻസി / വകുപ്പ് | വിശദീകരണം |
|---|---|---|---|---|
| സൂക്ഷ്മ ജലസേചനം (OFWM) 2015-16-ൽ ടി പദ്ധതിയെ PMKSY-പദ്ധതി ഘടകമായി പുനർനാമകരണം ചെയ്തു. | 375 | 97.5 | സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ | പദ്ധതി നിർവ്വഹണത്തിന് സംസ്ഥാന സർക്കാർ പ്രത്യേക ധനസഹായമായി 79.09 ലക്ഷം രൂപ കൂടി അനുവദിച്ചിട്ടുണ്ട്. |

2015-16 ൽ തുടക്കം കുറിച്ച പദ്ധതി

| പദ്ധതിയുടെ പേര് | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | നിർവ്വഹണ ഏജൻസി / വകുപ്പ് | വിശദീകരണം |
|---|---|---|---|---|
| പി.എം.കെ.എസ്.വൈ. | | | | |
| 1) നീർത്തട വികസനം | 500 | 333.33 | ഗ്രാമ വികസന വകുപ്പ് | നീർത്തടവികസന പദ്ധതിക്കായി 500 ലക്ഷം രൂപ കേന്ദ്ര ഫണ്ടായി ലഭിച്ചുവെങ്കിലും 446.00 ലക്ഷം രൂപയാണ് ഗ്രാമീണ വികസന വകുപ്പിന് അനുവദിച്ചത്. 446 ലക്ഷം രൂപ അനുവദിച്ചതിൽ 425.00 ലക്ഷം രൂപ ജില്ലകൾക്ക് പദ്ധതി നിർവ്വഹണത്തിനായി അനുവദിച്ചിട്ടുണ്ട്. 21.00 ലക്ഷം രൂപ കരുതൽ ഫണ്ടായി അടിയന്തിര പദ്ധതി ഘടകങ്ങൾക്ക് വിനിയോഗിക്കുവാൻ നോഡൽ ഏജൻസിയിൽ നിക്ഷേപിച്ചിട്ടുണ്ട്. 446 ലക്ഷം രൂപയുടെ ജില്ലതിരിച്ചുള്ള വിശദാംശം അനുബന്ധം 1 (എ) യിൽ ചേർത്തിരിക്കുന്നു. |
| 2) കർഷക പരിശീലനം | 127.2 | 84.8 | കൃഷിവകുപ്പ് (ആത്മ) | ആത്മ കഫ്റ്റീരിയയിൽ ഉൾപ്പെടുത്തി പി.എം.കെ.എസ്.വൈ. പദ്ധതികളുടെ അവബോധം കർഷകരിൽ ഉളവാക്കുന്നതിന് ബന്ധപ്പെട്ട വിഷയങ്ങളിൽ പരിശീലനം നൽകുന്നു. |
| 3) സൂക്ഷ്മ ജലസേചനം | 85.62 | 57.08 | സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ | പദ്ധതി നിർവ്വഹണത്തിനായി കേന്ദ്ര ഫണ്ടായി 85.62 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി 49.23 ലക്ഷം രൂപയുമാണ് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന് കൃഷി വകുപ്പ് മുഖേന നൽകിയിട്ടുള്ളത്. ഡ്രിപ്പ്, സ്പ്രിംഗ്ലർ തുടങ്ങിയ സൂക്ഷ്മ ജലസേചന പദ്ധതി ഘടകങ്ങൾ സംസ്ഥാനത്തൊട്ടാകെ എസ്.എച്ച്.എം.മുഖേന നടപ്പിലാക്കി വരുന്നു. സംസ്ഥാന സർക്കാർ പ്രത്യേക ധനസഹായമായി 16.98 ലക്ഷം രൂപ അനുവദിച്ചത് ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ടിൽ നിക്ഷേപിക്കുകയും ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. |
| 4) ജില്ലാതല ഇറിഗേഷൻ പ്ലാൻ തയ്യാറാക്കുന്നതിനായി ഒറ്റത്തവണയായി കേന്ദ്ര സഹായം (100%) | 140 | - | കൃഷി വകുപ്പ് | ഗ്രാമീണ വികസന വകുപ്പ്, ഇറിഗേഷൻ വകുപ്പ്, മണ്ണ് പര്യവേഷണ സംരക്ഷണ വകുപ്പ്, കൃഷി വകുപ്പ്, സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ എന്നിവയുടെ സഹകരണത്തോടെ ജില്ലാതല ഇറിഗേഷൻ പ്ലാനുകൾ തയ്യാറാക്കുന്നതിനാണ് ജില്ല ഒന്നിന് 10.00 ലക്ഷം രൂപ വീതം ഫണ്ട് അനുവദിച്ചിട്ടുള്ളത്. എന്നാൽ സാങ്കേതിക കാരണങ്ങളാൽ ആദ്യഘഡുവായ 70.00 ലക്ഷം രൂപ മാത്രമേ ജില്ലകൾക്ക് അനുവദിക്കാൻ സാധിച്ചിട്ടുള്ളൂ. (ജില്ല ഒന്നിന് 5.00 ലക്ഷം രൂപ വീതം). ബാക്കി തുകയായ 70.00 ലക്ഷം രൂപ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസലിന്മേൽ നടപടി സ്വീകരിച്ചുവരുന്നു. |

(സെക്ഷൻ ഓഫീസർ)